## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2660** **23-02-2026 - ൽ മറുപടിയ്ക്ക്**

### ആഗോള അയ്യപ്പ സംഗമം- ഫണ്ട് വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ആഗോള അയ്യപ്പ സംഗമത്തിന്റെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഹൈക്കോടതിയുടെ നിർദ്ദേശം എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | ആഗോള അയ്യപ്പസംഗമത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ കക്ഷികൾ ബഹു. ഹൈക്കോടതിയിൽ നൽകിയ ഹർജികളുടെ അടിസ്ഥാനത്തിൽ ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട കണക്കുകൾ കൃത്യമായും വിശദമായും സുതാര്യമായും സൂക്ഷിക്കണമെന്നും, ആയത് ഓഡിറ്റിന് വിധേയമായിരിക്കുമെന്നും, ബഹു.ഹൈക്കോടതി മുമ്പാകെ റിപ്പോർട്ട് സഹിതം സമർപ്പിക്കുന്നതിനായി സ്പെഷ്യൽ കമ്മീഷണർക്ക് 45 ദിവസത്തിനകം കണക്കുകൾ നൽകണമെന്നുമാണ് ബഹുമാനപ്പെട്ട കോടതി ഉത്തരവായിരുന്നത്.<br><br>ബില്ലുകളും, വൗച്ചറുകളും ലഭിക്കുന്നതിന് കാലതാമസം വന്നതിനാലും, ശബരിമല മണ്ഡല മകരവിളക്ക് സീസൺ ആരംഭിച്ചതിനാലും ആദ്യം കോടതി നിശ്ചയിച്ച 45 ദിവസം എന്ന സമയപരിധി ബഹു. കോടതി ആദ്യം 45 ദിവസം കൂടിയും പിന്നീട് 30 ദിവസം കൂടിയും ദീർഘിപ്പിച്ച് നൽകിയിരുന്നു. പ്രോഗ്രാമുമായി ബന്ധപ്പെട്ട കണക്കുകൾ ദേവസ്വം കമ്മീഷണർ, ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ചീഫ് എഞ്ചിനീയർ എന്നിവർ അടങ്ങുന്ന ടാസ്ക് ഫോഴ്സ് പരിശോധിച്ച് വരുന്നു. |
| (ബി) | കോടതിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണോ ആഗോള അയ്യപ്പ സംഗമത്തിന്റെ ഫണ്ട് വിനിയോഗം നടത്തിയത് എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | ആഗോള അയ്യപ്പസംഗമത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ കക്ഷികൾ ബഹു. ഹൈക്കോടതിയിൽ നൽകിയ ഹർജികളുടെ അടിസ്ഥാനത്തിൽ ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട കണക്കുകൾ കൃത്യമായും വിശദമായും സുതാര്യമായും സൂക്ഷിക്കണമെന്നും, ആയത് ഓഡിറ്റിന് വിധേയമായിരിക്കുമെന്നും, ബഹു.ഹൈക്കോടതി മുമ്പാകെ റിപ്പോർട്ട് സഹിതം സമർപ്പിക്കുന്നതിനായി സ്പെഷ്യൽ കമ്മീഷണർക്ക് 45 |

| | | | |
|---|---|---|---|
| | | | ദിവസത്തിനകം കണക്കുകൾ നൽകണമെന്നുമാണ് ബഹുമാനപ്പെട്ട കോടതി ഉത്തരവായിരുന്നത്.<br><br>ബില്ലുകളും, വൗച്ചറുകളും ലഭിക്കുന്നതിന് കാലതാമസം വന്നതിനാലും, ശബരിമല മണ്ഡല മകരവിളക്ക് സീസൺ ആരംഭിച്ചതിനാലും ആദ്യം കോടതി നിശ്ചയിച്ച 45 ദിവസം എന്ന സമയപരിധി ബഹു. കോടതി ആദ്യം 45 ദിവസം കൂടിയും പിന്നീട് 30 ദിവസം കൂടിയും ദീർഘിപ്പിച്ച് നൽകിയിരുന്നു. പ്രോഗ്രാമുമായി ബന്ധപ്പെട്ട കണക്കുകൾ ദേവസ്വം കമ്മീഷണർ, ദേവസ്വം അക്കൗണ്ട്സ് ഓഫീസർ, ചീഫ് എഞ്ചിനീയർ എന്നിവർ അടങ്ങുന്ന ടാസ്ക് ഫോഴ്സ് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ